REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 12-09-2026 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **18-ാമത് ബ്രിക്സ് ഉച്ചകോടിയ്ക്ക് ന്യൂഡൽഹിയിൽ ഉച്ചകഴിഞ്ഞ് തുടക്കമാകും.**
- **സംസ്ഥാനത്ത് സപ്ലൈകോ വഴി കുറഞ്ഞ വിലയിൽ സവാള വിതരണം ആരംഭിച്ചതായി മുഖ്യമന്ത്രി വിഡി സതീശൻ.**
- **ശബരിമല സീസണിൽ KSRTC, 500 ബസുകൾ ലീസിനെടുത്ത് അധിക സർവീസ് നടത്തുന്ന കാര്യം പരിഗണിക്കുമെന്ന് മന്ത്രി സി.പി ജോൺ.**
- **CPIMനെ തകർക്കാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ED-യെ ഉപയോഗിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ.**
- **ചൈനയിൽ ജൂനിയർ ഏഷ്യ കപ്പ് ഹോക്കിയിൽ ഇന്ത്യൻ വനിതാ ടീം ഫൈനലിൽ.**

## വാർത്തകൾ വിശദമായി

ഇന്ത്യയുടെ അധ്യക്ഷതയിൽ, 18-ാമത് ബ്രിക്സ് ഉച്ചകോടിയ്ക്ക് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഉച്ചകഴിഞ്ഞു തുടക്കമാകും. രണ്ടു ദിവസത്തെ ഉച്ചകോടിയിൽ ബ്രസീൽ, ചൈന, ഈജിപ്ത്, എത്യോപ്യ, ഇന്തോനേഷ്യ, ഇന്ത്യ, ഇറാൻ, റഷ്യ, സൗദി അറേബ്യ, ദക്ഷിണാഫ്രിക്ക, UAE എന്നീ രാജ്യങ്ങളിലെ നേതാക്കൾ പങ്കെടുക്കും. 'പ്രതിരോധശേഷി, നവീകരണം, സഹകരണം, സുസ്ഥിരത എന്നിവയ്ക്കായി നിർമ്മാണം ', എന്നതാണ് ഉച്ചകോടിയുടെ പ്രമേയം.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്.........

സമ്പൂർണ ആഗോള ഭരണവും, ബഹുമുഖത്വവും ശക്തിപ്പെടുത്തൽ എന്ന വിഷയത്തിൽ അംഗരാജ്യങ്ങളുടെ സെഷനോടെയാണ് ഉച്ചകോടി ആരംഭിക്കുന്നത്. അംഗരാജ്യങ്ങളുടെ നേതാക്കൾ ഭാരത് മണ്ഡപത്തിൽ ഇന്നവേറ്റ്സ് എക്സിബിഷനും സാക്ഷ്യം വഹിക്കും. നേതാക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി അത്താഴവിരുന്ന് ഒരുക്കിയിട്ടുണ്ട്. അതിനു ശേഷം ലോകനേതാക്കൾ വൃക്ഷത്തൈ നടും. ഉച്ചകോടിയ്ക്കിടെ പ്രധാനമന്ത്രി നരേന്ദ്രമോദി ബ്രിക്സ് നേതാക്കളുമായി ഉഭയകക്ഷി കൂടിക്കാഴ്ചകളും നടത്തും.

ബെലാറസ്, ബൊളീവിയ, കസാക്കിസ്ഥാൻ, ക്യൂബ, മലേഷ്യ, നൈജീരിയ, തായ്‌ലൻഡ്, ഉഗാണ്ട, ഉസ്ബെക്കിസ്ഥാൻ, വിയറ്റ്നാം എന്നീ പങ്കാളിത്ത രാജ്യങ്ങളും ഉച്ചകോടിയിൽ പങ്കെടുക്കും.

ഉച്ചകോടിയിൽ പങ്കെടുക്കാൻ ബലാറസ് വിദേശകാര്യ മന്ത്രി മാക്സിം റിസങ്കോവ് രാവിലെ ന്യൂഡൽഹിയിലെത്തി. ഇന്ത്യയും ബലാറസും തമ്മിൽ ബഹുകക്ഷി മേഖലകളിലെ വിശാലമായ സഹകരണം വളരുന്നതിന്റെ ഭാഗമായാണ് ബലാറസിന്റെ ഉച്ചകോടിയിലെ പങ്കാളിത്തം.

ഉച്ചകോടിയിൽ പങ്കെടുക്കാൻ ലോകാരോഗ്യ സംഘടനാ ഡയറക്ടർ ജനറൽ ടെഡ്രോസ് അഥാനോ ഗെബ്രേയേസിസും ന്യൂഡൽഹിയിലെത്തി. രാജ്യങ്ങളുടെ പുരോഗതിയ്ക്കും സമൃദ്ധിക്കും ആരോഗ്യസംബന്ധമായ ആഗോള സഹകരണത്തിനും അദ്ദേഹത്തിന്റെ ഇന്ത്യാ സന്ദർശനം സഹായകരമാകുമെന്ന് വിദേശ കാര്യമന്ത്രാലയം അറിയിച്ചു.

തലസ്ഥാനത്തെത്തിയ വിയറ്റ്നാം പ്രധാനമന്ത്രി ലെ മിൻ ഹുങ്ങിനെ കേന്ദ്രസഹമന്ത്രി മുരളീധർ മോഹോൾ വിമാനത്താവളത്തിൽ സ്വീകരിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി എത്യോപ്യൻ പ്രധാനമന്ത്രി അബി അഹമ്മദ് അലിയുമായി ബ്രിക്സ് ഉച്ചകോടിയോടനുബന്ധിച്ച് ഉഭയകക്ഷി ചർച്ച നടത്തി. ഇരു നേതാക്കളും ഉഭയകക്ഷി ബന്ധത്തിന്റെ പുരോഗതി വിലയിരുത്തുകയും വ്യാപാരം, നിക്ഷേപം, വികസന പങ്കാളിത്തം, അടിസ്ഥാന സൗകര്യവികസനം, സാങ്കേതികവിദ്യ, ശേഷി വർദ്ധിപ്പിക്കൽ, ജനങ്ങൾ തമ്മിലെ ബന്ധം തുടങ്ങി വിവിധ മേഖലകളിൽ സഹകരണം കൂടുതൽ ശക്തമാക്കുന്നതിന് വഴികൾ ചർച്ച ചെയ്തു.

✪✪✪

പ്രധാൻ മന്ത്രി ആവാസ് യോജന-അർബൻ 2.0-യ്ക്ക് കീഴിൽ 18 ലക്ഷത്തി 77 ആയിരം വീടുകൾക്ക് കേന്ദ്ര ഗവണ്മെന്റ് അംഗീകാരം നൽകി. ന്യൂഡൽഹിയിൽ, ഭവന-നഗരകാര്യ വികസന വകുപ്പ് സെക്രട്ടറി സതേന്ദ്ര സിംഗിന്റെ അധ്യക്ഷതയിൽ ചേർന്ന സെൻട്രൽ സാങ്ഷനിംഗ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റിയുടെ യോഗത്തിലാണ് തീരുമാനം.

നഗരപ്രദേശങ്ങളിൽ 'എല്ലാവർക്കും വീട്' എന്ന ആശയം പ്രാവർത്തികമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ആനുകൂല്യങ്ങൾ, അർഹരായ എല്ലാ ഗുണഭോക്താക്കളിലേക്കും എത്തുന്നുവെന്ന് ഉറപ്പാക്കാൻ സംസ്ഥാനങ്ങൾ കൂട്ടായ പരിശ്രമം നടത്തണമെന്ന് സതേന്ദ്ര സിംഗ് നിർദ്ദേശിച്ചു.

✪✪✪

സംസ്ഥാനത്ത് കുറഞ്ഞ വിലയിൽ സവാള വിതരണം സപ്ലൈകോ വഴി ആരംഭിച്ചതായി മുഖ്യമന്ത്രി വിഡി സതീശൻ അറിയിച്ചു. വിപണിയിൽ കിലോയ്ക്ക് 65- മുതൽ 75 രൂപ വരെ വില വരുന്ന സവാളയാണ് 35 രൂപയ്ക്ക് ലഭ്യമാവുകയെന്ന് അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു.

UDF ഗവൺമെന്റ് വിലക്കയറ്റം പിടിച്ചുനിർത്താൻ വിപണിയിൽ ഇടപെടുന്നതിന്റെ ഭാഗമായാണ് തീരുമാനെന്നും വിഡി സതീശൻ അറിയിച്ചു. പൂഴ്ത്തിവെപ്പിനും അനാവശ്യ വിലക്കയറ്റത്തിനുമെതിരെ കർശന നിരീക്ഷണവും നടപടിയും ഉണ്ടാകുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തെ നഴ്സിംഗ് - പാരാമെഡിക്കൽ വിദ്യാർത്ഥികൾക്ക് മദർതെരേസ സ്കോളർഷിപ്പിന് 68 ലക്ഷം രൂപ അനുവദിച്ചു. മുഖ്യമന്ത്രി വിഡി സതീശനാണ് ഇക്കാര്യം അറിയിച്ചത്. ഇവർക്ക് പ്രതിവർഷം 15,000 രൂപ വീതമാണ് ലഭിക്കുക.

✪✪✪

ശബരിമല സീസൺ പരിഗണിച്ച് KSRTC ഇത്തവണ 500 ബസുകൾ ലീസിനെടുത്ത് അധിക സർവീസ് നടത്തുന്ന കാര്യം ചർച്ച ചെയ്തതായി മന്ത്രി സി.പി ജോൺ അറിയിച്ചു. മുഖ്യമന്ത്രി വിഡി സതീശന്റെ അധ്യക്ഷതയിൽ ചേർന്ന ശബരിമല- മണ്ഡല - മകരവിളക്ക് തീർത്ഥാടനത്തിന്റെ ഒരുക്കങ്ങളെ കുറിച്ച് ചർച്ച ചെയ്യാൻ ചേർന്ന യോഗത്തിലാണ് ഇക്കാര്യം ആലോചിച്ചതെന്ന് അദ്ദേഹം ഫേസ്ബുക്കിൽ അറിയിച്ചു.

✪✪✪

ഗണേശ ചതുർത്ഥിയോടനുബന്ധിച്ച് യാത്രാതിരക്ക് പരിഗണിച്ച് കർണാടകയിൽ നിന്ന് തിരുവനന്തപുരത്തേക്ക് പ്രത്യേക ട്രെയിൻ സർവീസ് ആരംഭിച്ചു. ഇന്ന് രാവിലെ 8.30-ന് ഹുബ്ബള്ളിയിൽ നിന്ന് പുറപ്പെട്ട ട്രെയിൻ, നാളെ രാവിലെ 10ന് തിരുവനന്തപുരത്ത് എത്തി, മറ്റന്നാൾ ഉച്ചയ്ക്ക് രണ്ടിന് മടക്കയാത്ര ആരംഭിക്കും.

✪✪✪

സംസ്ഥാനത്തെ വിനോദ സഞ്ചാരമേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും അന്താരാഷ്ട്ര സഹകരണം ശക്തിപ്പെടുത്തുന്നതിനും അമേരിക്കൻ കൗൺസിൽ ജനറൽ മരിയാന എൽ നൈഷുലറുമായി കൂടിക്കാഴ്ച നടത്തിയതായി മന്ത്രി പിസി വിഷ്ണുനാഥ് അറിയിച്ചു. ടൂറിസം മേഖലയിലെ നിക്ഷേപകർക്ക് അവസരങ്ങൾ ഒരുക്കുന്നതിനൊപ്പം അടിസ്ഥാന സൗകര്യ വികസനം, ഉത്തരവാദിത്ത ടൂറിസം, അനുഭവാധിഷ്ഠിത ടൂറിസം തുടങ്ങിയ മേഖലകളിൽ സഹകരണത്തിന് സാധ്യതകളും കൂടിക്കാഴ്ചയിൽ ചർച്ച ചെയ്തതായി മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

ED കേസുമായി ബന്ധപ്പെട്ട ആരോപണങ്ങൾ രാഷ്ട്രീയമായും നിയമപരമായും നേരിടുമെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു. CPIMനെ തകർക്കാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഒന്നിച്ച് ശ്രമിക്കുക യാണെന്ന് അദ്ദേഹം കണ്ണൂരിൽ കുറ്റപ്പെടുത്തി. ED യെ ഉപയോഗിച്ച് രാഷ്ട്രീയ ലക്ഷ്യത്തോടെയാണ് ഇതിനുവേണ്ടി പ്രവർത്തിക്കുന്നതെന്നും അദ്ദേഹം വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

ഇപ്പോൾ ഉയർത്തിയ ഒരു ആരോപണവും നിയമത്തിന് മുന്നിൽ നിലനിൽക്കില്ലെന്നും പിണറായി വിജയൻ പറഞ്ഞു.

✪✪✪

CPIM വിപുലീകൃത സംസ്ഥാന കമ്മിറ്റിക്ക് കോഴിക്കോട്ട് നാളെ തുടക്കമാകും. മൂന്നു ദിവസത്തെ യോഗം പാർട്ടി ജനറൽ സെക്രട്ടറി എം എ ബേബി ഉദ്ഘാടനം ചെയ്യും. ജില്ലാ കമ്മിറ്റി ഓഫീസിലെ AKG ഓഡിറ്റോറിയത്തിലാണ് യോഗം. പൊളിറ്റ് ബ്യൂറോ അംഗങ്ങൾ, സംസ്ഥാന കമ്മിറ്റി അംഗങ്ങൾ, ജില്ലാ സെക്രട്ടറിയേറ്റ് അംഗങ്ങൾ, വർഗ ബഹുജന സംഘടനാ പ്രതിനിധികൾ എന്നിവരടക്കം 300 പ്രതിനിധികളാണ് യോഗത്തിൽ പങ്കെടുക്കുക. കേരളത്തിലെ തെരഞ്ഞെടുപ്പ് തിരിച്ചടിയിലെ രാഷ്ട്രീയം, സംഘടനാപരമായ വീഴ്ചകൾ തുടങ്ങിയവ ചർച്ച ചെയ്യുകയാണ് വിപുലീകൃത സംസ്ഥാന കമ്മിറ്റിയുടെ മുഖ്യ അജണ്ട. ചൊവ്വാഴ്ച വൈകിട്ട് ബീച്ചിലെ ഫ്രീഡം സ്ക്വയറിലെ റാലിയോടെയാണ് യോഗത്തിന് സമാപനമാവുക.

✪✪✪

ഡ്രോൺ ആക്രമണത്തെ തുടർന്ന് സൗദി അറേബ്യ പ്രധാന എണ്ണ പൈപ്പ് ലൈൻ താൽകാലികമായി അടച്ചുപൂട്ടി.  ഇറാഖിൽ നിന്നാണ് ആക്രമണം ഉണ്ടായതെന്നും മുൻകരുതൽ നടപടിയായാണ് അടച്ചുപൂട്ടലെന്നും സൗദി ഊർജ്ജ മന്ത്രാലയം വ്യക്തമാക്കി. ആക്രമണത്തെ ഇറാഖ് ഗവൺമെന്റ് അപലപിക്കുകയും അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തു.

✪✪✪

ചൈനയിൽ ജൂനിയർ ഏഷ്യ കപ്പ് ഹോക്കിയിൽ ഇന്ത്യൻ വനിതാ ടീം, ഫൈനലിൽ പ്രവേശിച്ചു. ദക്ഷിണ കൊറിയയെ  5-1 ന് പരാജയപ്പെടുത്തിയാണ് ഇന്ത്യൻ ടീം ഫൈനലിലെത്തിയത്.

മറ്റൊരു സെമിയിൽ  ആതിഥേയരായ ചൈന, ജപ്പാനെ നേരിടുകയാണ്.

പുരുഷ വിഭാഗം ഫൈനലിൽ ഇന്ത്യ നാളെ ദക്ഷിണ കൊറിയയെ നേരിടും.

✪✪✪

US ഓപ്പൺ പുരുഷ ടെന്നീസ് ഫൈനലിൽ  ജർമനിയുടെ അലക്സാണ്ടർ സ്വരേവും അമേരിക്കയുടെ  ബെൻഷെൽട്ടണും നാളെ ഏറ്റുമുട്ടും.

ആദ്യ സെമിയിൽ ഫൈനലിൽ, റഷ്യൻ താരം കരേൻ ഖച്ചനോവ്നെയാണ് സ്വരേവ്  തോൽപ്പിച്ചത്. രണ്ടാം സെമിയിൽ എട്ടാം സീഡായ ബെൻഷെൽട്ടൺ, 11-ാം സീഡായ ഫ്രാൻസസ് ടിയാഫോയെയാണ് പരാജയപ്പെടുത്തിയത്.

വനിതാ സിംഗിൾസ് ഫൈനലിൽ നിലവിലെ ചാമ്പ്യൻ ആര്യാന സെബലേങ്ക, എലേന റൈബക്കിനെ നേരിടും. രാത്രി ഒമ്പതരയ്ക്ക് ന്യൂയോർക്കിലാണ് കലാശപ്പോരാട്ടം.

✪✪✪

വനിതാ ട്വന്റി-20 ഏഷ്യാ കപ്പ് ക്രിക്കറ്റ് ഫൈനലിൽ നാളെ ഇന്ത്യ,  നിലവിലെ ചാമ്പ്യന്മാരായ  ശ്രീലങ്കയെ നേരിടും. ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി എട്ടിനാണ് മത്സരം.

✪✪✪

സംസ്ഥാന സ്കൂൾ കായിക മേളയുടെ ഗ്രൂപ്പ് വൺ മത്സരങ്ങൾക്ക് കണ്ണൂർ ജില്ലയിലെ വിവിധ വേദികളിൽ തുടക്കമായി. തയ്ക്വാണ്ടോ, ജിംനാസ്റ്റിക്സ്, ഫെൻസിങ്, ഗുസ്തി, ചെസ് എന്നീ ഇനങ്ങളിലായി 2,300 വിദ്യാർത്ഥികൾ പങ്കെടുക്കും.  നാളെ ഉച്ചയ്ക്ക് മന്ത്രി സണ്ണി ജോസഫ് മേള ഉദ്ഘാടനം ചെയ്യും.

✪✪✪

നാലാമത് അന്താരാഷ്ട്ര കോവളം മാരത്തൺ അഥവാ തൂഫാൻ റൺ നാളെ തിരുവനന്തപുരത്ത് നടത്തും. ലഹരിവിരുദ്ധ ബോധവൽക്കരണവും, മാനസികാരോഗ്യ സംരക്ഷണവും മുൻനിർത്തി കേരള പൊലീസിന്റെ സഹകരണത്തോടെ യങ് ഇന്ത്യൻസ് ട്രിവാൻഡ്രം ചാപ്റ്ററിന്റെ നേതൃത്വത്തിലാണ് ഇത്തവണത്തെ 'തൂഫാൻ റൺ' സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്റാഹീം നാളെ കേരളത്തിലെത്തും. ഡൽഹിയിൽ ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുത്തതിന് ശേഷമാണ് അദ്ദേഹം കോഴിക്കോട്ടെത്തുക. മർകസ് സെൻട്രൽ ക്യാമ്പസിൽ കാന്തപുരം A.P അബൂബക്കർ മുസ്ലിയാരുമായി കൂടിക്കാഴ്ച നടത്തുന്ന അദ്ദേഹം മർകസ് കൺവെൻഷൻ സെന്ററിലെ പ്രത്യേക പ്രാർഥനാ സംഗമത്തിലും പങ്കെടുക്കും.

✪✪✪

ഇന്ന് 'ലോക പ്രഥമശുശ്രൂഷാ ദിനം'. "കുടിയേറ്റ സാഹചര്യങ്ങളിലെ പ്രഥമശുശ്രൂഷ" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. വിദഗ്ധ സഹായം ലഭിക്കുന്നതിന് മുൻപ് അടിസ്ഥാന അടിയന്തര ശുശ്രൂഷാ നൈപുണ്യങ്ങൾ എങ്ങനെ ജീവൻ രക്ഷിക്കുന്നു എന്നതിനെക്കുറിച്ച് ആഗോളതലത്തിൽ ജനങ്ങളിൽ അവബോധം വളർത്തുകയാണ് ദിനാചരണ ലക്ഷ്യം. എല്ലാ വർഷവും സെപ്റ്റംബറിലെ രണ്ടാമത്തെ ശനിയാഴ്ചയാണ് ലോക പ്രഥമശുശ്രൂഷാ ദിനമായി ആചരിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് 36 IAS ഉദ്യോഗസ്ഥരുടെ ചുമതലകളിൽ സംസ്ഥാന ഗവൺമെന്റ് മാറ്റംവരുത്തി. ശ്രീറാം വെങ്കിട്ടരാമനെ വനം വകുപ്പ് ജോയിന്റ് സെക്രട്ടറിയായി നിയമിച്ചു. അരുൺ K വിജയൻ ആണ് പൊതു വിദ്യാഭ്യാസ ഡയറക്ടർ.

V ചെൽസാ സിനിയാണ് പുതിയ വയനാട് കളക്ടർ. ശ്രീധന്യ സുരേഷിനെ കാസർഗോഡ് കളക്ടറായി നിയമിച്ചു.

കാസർഗോഡ് ജില്ലാകളക്ടർ അർജുൻ പാണ്ഡ്യനെ കൃഷി വകുപ്പ് ഡയറക്ടർ ആയി നിയമിച്ചു.

✪✪✪

കൊയിലാണ്ടിയിലെ നന്തിയിൽ സ്ഥിതി ചെയ്യുന്ന 'കെൽട്രോൺ'ന്റെ വികസനത്തിന് കർണ്ണാടക മുഖ്യമന്ത്രി ഡി.കെ. ശിവകുമാറുമായും, മന്ത്രി കൃഷ്ണ ബൈരെ ഗൗഡയുമായും, കെ.പ്രവീൺ കുമാർ MLA ബംഗലൂരുവിൽ

കൂടിക്കാഴ്ച നടത്തി. AICC ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാലും ഷാഫി പറമ്പിൽ MPയും സഹായം അഭ്യർത്ഥിച്ചതിനെതുടർന്ന് കൂടിക്കാഴ്ചക്ക് വഴിയൊരുങ്ങിയത്.

✪✪✪

പാലക്കാട് ജില്ലയിൽ ഉണക്ക് ഭീഷണി നേരിടുന്ന ഒന്നാം വിള നെൽകൃഷിക്കായി മലമ്പുഴ ഡാം  ഈ മാസം 16 ന് തുറക്കാൻ തീരുമാനമായി. വാളയാർ, മീങ്കര ഡാമുകൾ തുറക്കാൻ നേരത്തെ തീരുമാനിച്ചിരുന്നു. കൽമണ്ഡപം കനാൽ പാലം പണി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാനും തീരുമാനിച്ചു.

✪✪✪

പ്ലസ് വൺ ഒന്നാം വർഷ പുനർമൂല്യ നിർണയഫലം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പോർട്ടലിൽ പ്രസിദ്ധീകരിച്ചു. പുനർമൂല്യ നിർണയത്തിന് അപേക്ഷിച്ചവർക്ക് അടുത്തമാസം നടക്കുന്ന സപ്ലിമെന്ററി പരീക്ഷകളുടെ ഫീസ്,  ചൊവ്വാഴ്ച വരെ പിഴ കൂടാതെ അടയ്ക്കാം.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: സബിത കെ*
*News team : നിമിഷ ജി, ജാസ്മി*
*DEO :  സി കെ സുബോധ്*